CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിഛായ

www.pratichaya.com

•വാല്യം 2 •ലക്കം 41 • എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു • 1 ജൂലൈ 2009

## വിമോചനസമരം

# ജനാധിപത്യത്തിന്റെ വിജയം

**കെ.എം.മാണി**

**ബാ**ലറ്റിൽകൂടി അധികാരത്തിൽ വന്ന ഒരു ഗവൺമെണ്ട് ജനവിധി മാനിക്കാതെ സ്വേച്ഛാധിപത്യഭരണത്തിലേക്ക് വഴിമാറുകയും നിയമവാഴ്ച തകർക്കുകയും ഭരണഘടനയെ അട്ടിമറിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചാൽ ആ ദു:സ്ഥിതിയിൽ നിന്നും സംസ്ഥാനത്തെ മോചിപ്പിക്കുകയെന്നത് ജനങ്ങളുടെ ജനാധിപത്യാവകാശമാണെന്ന് കേരളാ കോൺഗ്രസ് (എം) ലീഡർ കെ. എം. മാണി കേരളസർക്കാരിനെ ഓർമിപ്പിച്ചു. അങ്കമാലി വെടിവയ്പ്പിന്റെ അമ്പതാം വാർഷികാനുസ്മരണ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. 1959ൽ കേരള ജനത ഈ അവകാശം വിനിയോഗിക്കുകയാണ് ചെയ്തത്. അന്നു വിമോചന സമരത്തിൽകൂടി കമ്യൂണിസ്റ്റുഗവൺമെണ്ടിനെ നിഷ്കാസനം ചെയ്തതിൽ ജനാധിപത്യ കക്ഷികൾക്കു യാതൊരുകുറ്റബോധവുമില്ല. ആ നടപടി 356-ാം ആർട്ടിക്കിൾ അനുസരിച്ച് ഭരണഘടനാപരമായിരുന്നു.

894 പഞ്ചായത്തുകളിൽ 700 പഞ്ചായത്തുകളും, 29ൽ 26 മുനിസിപ്പാലിറ്റികളും കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടുവാൻ അന്ന് ആവശ്യപ്പെട്ടിരുന്നു. തുടർന്നു വന്ന പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയെ പുറംതള്ളുകയും വമ്പിച്ച ഭൂരിപക്ഷത്തോടെ ജനാധിപത്യസർക്കാരിനെ അധികാരത്തിൽ കൊണ്ടുവരികയും ചെയ്തു. വിമോചനസമരത്തിന് ജനങ്ങൾ നല്കിയ അംഗീകാരമായിരുന്നു അത്. ഈ ജനവിധി തീർപ്പിനെ വിസ്മരിച്ചുകൊണ്ട് വിമോചനസമരത്തെ കുറ്റപ്പെടുത്തുന്ന ഇടതുപക്ഷനയം അപഹാസ്യമാണ്.

വിമോചന സമരകാലഘട്ടത്തിനു സമാനമായ രാഷ്ട്രീയ അരാജകത്വമാണ് ഇന്നു സംസ്ഥാനത്തു വാഴുന്നത്. ഇഎംഎസ് സർക്കാർ നേരിട്ട പന്ത്രണ്ടര ലക്ഷം രൂപയുടെ അരി കുംഭകോണത്തിനു സമാനമായാണ് ലാവ്‌ലിൻ അഴിമതി സംസ്ഥാന ഭരണത്തെ നിശ്ചലമാക്കിയിരിക്കുന്നത്. ആന്ധ്രാ അരി വാങ്ങിയതിൽ പന്ത്രണ്ടര ലക്ഷം രൂപയുടെ വെട്ടിപ്പു കണ്ടെത്തിയ ജസ്റ്റിസ് പി.ടി.രാമൻനായരെ കടന്നാക്രമിച്ച ഇഎംഎസ് സർക്കാരിന്റെ പിൻതുടർച്ചയാണു, ലാവ്‌ലിൻ കേസിൽ വിചാരണ അനുവദിച്ച ഗവർണറുടെ വിവേചനാധികാരത്തെ ആക്രമിക്കുന്ന പിണറായി വിജയന്റെ സിപിഎമ്മും പ്രകടിപ്പിക്കുന്നത്.

നിരായുധരും നിസ്സഹായരുമായ ജനക്കൂട്ടത്തിനു നേരേ വെടിവച്ച് ഏഴുപേരെ കൊലപ്പെടുത്തിയ അങ്കമാലി സംഭവത്തിന്റെ ആവർത്തനമാണു ചെറിയതുറയിൽ കഴിഞ്ഞമാസം കണ്ടത്.

അധികാര ദുർവിനിയോഗത്തിലും സ്വേച്ഛാധിപത്യത്തിലും ആദ്യ കമ്യൂണിസ്റ്റ് സർക്കാരിനെ കടത്തിവെട്ടുന്ന ഭീകരതയാണ് ഇന്നത്തെ ഇടതുപക്ഷ സർക്കാർ പുലർത്തുന്നത്.

അനീതിക്കും അഴിമതിക്കുമെതിരെ സമരം ചെയ്യാൻ സാധാരണ പൗരന്മാർക്കുള്ള എല്ലാ അവകാശങ്ങളും മതമേലധ്യക്ഷന്മാർക്കും വൈദികർക്കുമുണ്ട്. സാമൂഹ്യ നന്മയ്ക്കുവേണ്ടി രാഷ്ട്രീയ ആഹ്വാനങ്ങൾ നല്കാനുള്ള അവകാശം പുരോഹിതന്മാർക്കുമുണ്ട്.

നിയമവാഴ്ച തകർത്തും ഭരണഘടനയെയും നിയമത്തെയും ധിക്കരിച്ചും ജനദ്രോഹ നടപടികൾ കൈക്കൊണ്ടും എൽഡിഎഫ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന ദുർഭരണം തിരുത്തിക്കേണ്ടതും അതിൽ നിന്നും മോചനം പ്രാപിക്കേണ്ടതും ഇന്നത്തെ അടിയന്തിര ആവശ്യമാണ് - കെ.എം. മാണി ഓർമിപ്പിച്ചു.

# പ്രഥമപരിഗണന കർഷകർക്കും കാർഷിക മേഖലയ്ക്കും



**ജോസ് കെ. മാണി എം.പി**

**എന്നും കർഷകർക്കുവേണ്ടി നിലകൊണ്ടിട്ടുള്ള കേരളാ കോൺഗ്രസിന്റെ ശബ്ദം പാർലമെണ്ടിൽ വീണ്ടും മുഴങ്ങി. കേരളാ കോൺഗ്രസ് (എം) എം.പി. ജോസ് കെ. മാണിയുടെ കന്നിപ്രസംഗം, ജനപ്രതിനിധി എന്ന നിലയിലുള്ള തന്റെ ദൗത്യം എന്നും കർഷകരോടൊപ്പം നിലകൊള്ളുക എന്നതായിരിക്കുമെന്ന പ്രഖ്യാപനം തന്നെയായിരുന്നു. യു.പി.എ ഗവൺമെണ്ടിന്റെ പ്രഥമ പരിഗണന ഇന്ത്യയിലെ കോടിക്കണക്കായ കർഷകജനതയുടെ സമഗ്രവികസനമായിരിക്കണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.**

*(ജോസ് കെ. മാണിയുടെ പ്രസംഗത്തിന്റെ പൂർണരൂപം)*

**ബ**ഹുമാന്യയായ സ്പീക്കർ, ആരാധ്യയായ പ്രസിഡണ്ടിന്റെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി ഗിരിജാ വ്യാസ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അത്യാഹ്ലാദപൂർവം പിന്തുണയ്ക്കുന്നു. പ്രസിഡണ്ടിന്റെ പ്രസംഗം ഊർജസ്വലമായ ഒരു ഗവൺമെണ്ടിന്റെ നയങ്ങളുടെയും കർമപരിപാടികളുടെയും സമഗ്രമായ ഒരു പ്രഖ്യാപനമായിരുന്നു. കൂടാതെ ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളെയും, പ്രത്യേകിച്ച് ഗ്രാമീണമേഖലയിലെ സാധാരണ ജനങ്ങളുടെ ജീവത്പ്രശ്നങ്ങളെ ഉൾക്കൊള്ളുന്നതുമായിരുന്നു. ഉറച്ച ബോധ്യത്തോടെ ഞാൻ പറയട്ടെ അത് വ്യക്തമായ കാഴ്ചപ്പാടുകളുള്ള ഒരു മാർഗരേഖ തന്നെയാണ്.

ഈ രാഷ്ട്രത്തിന്റെ സാമ്പത്തിക മേഖലയിൽ അദ്ഭുതകരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞ, ഭാവനാപൂർണമായ ഉൾക്കാഴ്ചയുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ പ്രത്യേകം അഭിനന്ദിക്കാൻ കൂടി ഞാനീ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ പല വികസിത രാഷ്ട്രങ്ങളും ആടിയുലഞ്ഞപ്പോൾ നമ്മുടെ രാഷ്ട്രത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് എട്ടരശതമാനത്തിനു മുകളിൽ എത്തിക്കാൻ കഴിഞ്ഞത് മുൻ ഗവൺമെണ്ടിന്റെ മഹത്തരമായ നേട്ടമാണ്. അതോടൊപ്പം തന്നെ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത വിധം ഏറ്റവും കുറഞ്ഞ നിരക്കിലേക്ക് നാണയപ്പെരുപ്പത്തെ എത്തിക്കാൻ കഴിഞ്ഞു എന്നതും ശ്രദ്ധേയമാണ്. യു.പി.എയ്ക്ക് കൈവരിക്കാൻ കഴിഞ്ഞ മഹത്തരമായ തെരഞ്ഞെടുപ്പു വിജയത്തിനു പിന്നിലെ സുപ്രധാനഘടകങ്ങൾ ഇവ തന്നെയാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിലെ വൻവിജയം ശ്രീമതി സോണിയാ ഗാന്ധിയുടെയും ഡോ.മൻമോഹൻ സിംഗിന്റെയും ഊർജ്വസ്വലമായ നേതൃത്വത്തിൽ ഇന്ത്യൻ ജനതയർപ്പിച്ച ഉറച്ചവിശ്വാസത്തിന്റെ പ്രതിഫലനം കൂടിയാണ്.

>> 2

*അനുസ്മരണം*



മേരി ക്യൂറി (1867 – 1934) 14

*മുഖപ്രസംഗം*
വിമോചനസമരം ഒരു ജനാധിപത്യ പാഠം 2

*ചുവരെഴുത്തുകൾ*
എന്തിനു പാഴ്ശ്രുതി മീട്ടുവതിനിയും ?
ശ്വേതകേതു 3

*കാർഷികം*
കേരളം കേരകർഷകരെ മറക്കുന്നുവോ ?
ശശീന്ദ്രൻ കുണ്ടുവാറ 5

*മനസ്സറിയുക ശരീരവും*
ഭയം മനുഷ്യന് ദോഷവും ആവശ്യവും
ഡോ.(സി.) ഷാലു കോയിക്കര 6

*രാഷ്ട്രീയകേരളം*
ഒടുവിൽ നികൃഷ്ട ജീവികൾ നല്ലവരാകുന്നു
സാബു ജോൺ 7

*ഫ്ളാഷ്ബാക്ക്*
അമേരിക്കൻ പ്രസിഡണ്ടിനൊപ്പം ഒരു ഫോട്ടോ !
തേക്കിൻകാട് ജോസഫ് 8

*ഇതാണുനിയമം*
പട്ടികജാതി പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം – 1989
അഡ്വ. ചാർളി പോൾ 9

*ഫീച്ചർ*
മരുഭൂമികളുടെ വളർച്ച മനുഷ്യരാശിക്കു ഭീഷണി 11

*വിശകലനം*
ലിങ്കണും ഡാർവിനും തമ്മിലെന്ത് ?
ജോർജ് കുറ്റിക്കാട്ട് 17

*ന്യൂസ് ഡയറി*
പി. ആർ. 19

*വിദേശകാഴ്ച*
ഇറാനിൽ ചില രാഷ്ട്രീയ കോലാഹലങ്ങൾ
പ്രിൻസ് രാജ് 20

മറ്റു പംക്തികളും

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 2 ലക്കം 41

1 ജൂലൈ 2009

പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി


*ജനങ്ങളിൽ നിന്നു തളരാത്ത താത്പര്യവും*
*മുറിവേല്പിക്കാത്ത സ്പർശനവും നേടിയെടുക്കുക.*
*ചാൾസ് ഡിക്കൻസ്*

# വിമോചനസമരം ഒരു ജനാധിപത്യ പാഠം

ആധുനിക കേരളചരിത്രത്തിലെ നിർണായക സംഭവങ്ങളിലൊന്നായ വിമോചന സമരത്തിന് അമ്പതു തികയുകയാണ്. ഒരു വശത്ത് ജനാധിപത്യശക്തികൾ ആ സമരത്തിന്റെ സ്മരണകൾ പുതുക്കുമ്പോൾ മറുവശത്ത് ഇടതു പാർട്ടികൾ അതിനെ ചരിത്രത്തിലെ ഒരു കളങ്കമായി, മായ്ച്ചു കളയാൻ തത്രപ്പെടുകയാണ്.

കമ്യൂണിസ്റ്റു പാർട്ടിക്ക് ഒട്ടും സഹിക്കാൻ കഴിയുന്നതല്ല വിമോചന സമരാനുഭവം. ലോകചരിത്രത്തിൽ ആദ്യമായി ബുള്ളറ്റിലൂടെയല്ലാതെ, ജനാധിപത്യ പ്രക്രിയയിലൂടെ അധികാരത്തിലെത്തിയ റിക്കാർഡ് കേരള കമ്യൂണിസ്റ്റ് പാർട്ടിക്കവകാശപ്പെട്ടതാണ്. പക്ഷേ, അതേ ജനങ്ങൾ തന്നെ ഗാന്ധിയൻ മാർഗത്തിലധിഷ്ഠിതമായ ഒരു ജനകീയ മുന്നേറ്റത്തിലൂടെ ആ ഭരണകൂടത്തിന്റെ പതനത്തിനു കളമൊരുക്കിയെന്നതും മറ്റൊരു റിക്കാർഡാണ്.

റഷ്യയിലും ചൈനയിലും ഏതാനും പൂർവ യൂറോപ്യൻ രാജ്യങ്ങളിലും തോക്കിൻ കുഴലിലൂടെ അധികാരം പിടിച്ചെടുത്തവരാണ് കമ്യൂണിസ്റ്റുകാർ. തുടർന്ന് ആ രാജ്യങ്ങളിലെല്ലാം അവർ നടപ്പാക്കിയത് ഏകാധിപത്യ ദുർഭരണമായിരുന്നു. അതിനു ചരിത്രം നല്കിയ സ്വാഭാവികമായ തിരിച്ചടിയാണ് 1980കളുടെ അവസാന വർഷങ്ങളിൽ ആ രാജ്യങ്ങളിലെല്ലാമുണ്ടായ ഭരണമാറ്റം. അത് സാവകാശം സംഭവിച്ച ഒരു പരിവർത്തനമായിരുന്നില്ല. മറിച്ച് സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത ജനതയുടെ അമർഷരോഷങ്ങളുടെ അണമുറിഞ്ഞ പ്രവാഹത്തിൽ അവയെല്ലാം ഒലിച്ചു പോവുകയായിരുന്നു.

അത്തരമൊരു സാഹചര്യത്തിലേക്കു കേരളവും പരിണമിക്കുമായിരുന്നു, കേരളം ഒരു സ്വതന്ത്രരാഷ്ട്രമായിരുന്നെങ്കിൽ. 1946 ജനുവരിയിൽ അന്നത്തെ തിരുവിതാംകൂർ ദിവാൻ സർ സി.പി.രാമസ്വാമി അയ്യർ തിരുവിതാംകൂറിനുവേണ്ടി പ്രഖ്യാപിച്ച ഒരു ഭരണഘടനയുണ്ട്. ചരിത്രത്തിൽ അത് 'അമേരിക്കൻ മോഡൽ'എന്നറിയപ്പെടുന്നു. ഇതനുസരിച്ച് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോയിക്കഴിഞ്ഞാൽ തിരുവിതാംകൂർ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഭാഗമാകാതെ ഒരു സ്വതന്ത്രരാഷ്ട്രമായി നിലകൊള്ളും. 1947 ജനുവരി 27ന് അത്തരത്തിലൊരു രാജകീയ വിളംബരവും ഉണ്ടായി. സർ സി.പിയുടെ ആ സ്വപ്നം യാഥാർത്ഥ്യമാകുകയും, കേരളത്തിൽ 1957ൽ കമ്യൂണിസ്റ്റ് ഭരണം നിലവിൽ വരികയും ചെയ്തിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? പിന്നീടിവിടെ തെരഞ്ഞെടുപ്പുണ്ടാകുമായിരുന്നില്ല. കമ്യൂണിസ്റ്റുപാർട്ടി ഏകാധിപത്യം ഈ നാടിന്റെ സ്വാതന്ത്ര്യത്തിന്റെ കഴുത്തിന് കത്തിവയ്ക്കുമായിരുന്നു.

പക്ഷേ, അതുണ്ടായില്ല. തിരുവിതാംകൂർ ജനതയുടെ ഇച്ഛാശക്തിക്കു മുമ്പിൽ പിടിച്ചു നില്ക്കാൻ സർ സി.പിക്കു കഴിഞ്ഞില്ല. തിരുവിതാംകൂർ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഭാഗമാവുകയും ചെയ്തു. പിന്നീട് 1956ൽ ഐക്യകേരളം നിലവിൽവന്നു. കേരളം എന്നൊരു സംസ്ഥാനം കേരളീയർക്കു സ്വന്തമായി. ആദ്യ തെരഞ്ഞെടുപ്പിൽ തന്നെ കേരളത്തെ ചുവപ്പിക്കാൻ കഴിഞ്ഞതു കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേട്ടം. 35.28% വോട്ടും 65 സീറ്റും കരസ്ഥമാക്കി (65ൽ 5 പേർ സ്വതന്ത്രരായിരുന്നു) കമ്യൂണിസ്റ്റുകാർ അധികാരത്തിലെത്തി. അധികാരം കിട്ടിയതേ അവരുടെ ഭാവംമാറി. പതുക്കെപ്പതുക്കെ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യത്തിന്റെയും മേൽ അവർ കത്തിവച്ചു. നാട്ടിലാകെ പാർട്ടിയുടെ സെൽഭരണം ശക്തിപ്രാപിച്ചു. സഹികെട്ട ജനങ്ങൾ പ്രക്ഷോഭത്തിനിറങ്ങി.

സമുദായ ശക്തികളാണ് ആദ്യമാദ്യം പ്രതിഷേധ സ്വരം പുറപ്പെടുവിച്ചു തുടങ്ങിയത്. ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ ബില്ലും ന്യൂനപക്ഷ സമുദായങ്ങൾക്കു ഭീഷണിയായി. അവർ പ്രക്ഷോഭപാതയിലേക്കു തിരിഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ, അന്ന് കെപിസിസി പ്രസിഡന്റായിരുന്ന ആർ. ശങ്കറും പ്രതിപക്ഷ നേതാവായിരുന്ന പി.ടി. ചാക്കോയും ചേർന്നു സർക്കാർവിരുദ്ധ സമരം ഏറ്റെടുത്തു. നായർ സർവീസ് സൊസൈറ്റി പ്രസിഡന്റ് മന്നത്തു പത്മനാഭൻ പ്രക്ഷോഭനായകനായി അവരോധിക്കപ്പെട്ടു. അതോടെ വിമോചനസമരം പൂർണരൂപം പ്രാപിച്ചു.

കേരളത്തിലുടനീളം അലയടിച്ച പ്രക്ഷോഭക്കൊടുങ്കാറ്റിനെതിരെ പിടിച്ചു നില്ക്കാൻ ഇഎംഎസ് ഗവൺമെന്റിനു കഴിഞ്ഞില്ല. വെടിവയ്പുകളും ലാത്തിച്ചാർജുകളും വ്യാപകമായ അറസ്റ്റും സമരത്തെ തളർത്തുകയല്ല, കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തുകയാണുണ്ടായത്. സാഹചര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയ കേന്ദ്രഗവൺമെന്റ്, ഭരണഘടനയുടെ 356-ാം വകുപ്പു ചരിത്രത്തിലാദ്യമായി വിനിയോഗിച്ചു. 1959 ജൂലൈ 31നു കേരള മന്ത്രിസഭ നിഷ്കാസിതമായി.

**ജനങ്ങൾ തെരഞ്ഞെടുത്ത ഭരണകൂടത്തെ ജനങ്ങൾ തന്നെ പിടിച്ചിറക്കിവിട്ട ലോക ജനാധിപത്യ ചരിത്രത്തിലെ ആദ്യ സംഭവമായി, വിമോചനസമരം. അങ്ങനെ ഒരേ സമയം കേരളം രണ്ടു ചരിത്രമെഴുതി. ബാലറ്റു പേപ്പറിലൂടെ കമ്യൂണിസ്റ്റു പാർട്ടിയെ അധികാരത്തിലേറ്റുകയും ജനകീയ പ്രക്ഷോഭത്തിലൂടെ അതിനെ പുറത്താക്കുകയും ചെയ്തുകൊണ്ട്.**

ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ തീരെ അവഗണിച്ചുകൊണ്ട് ഒരു വിഭാഗം ജനങ്ങളെ സ്വന്തമെന്നും മറ്റൊരു വിഭാഗത്തെ അന്യമെന്നും തിരിച്ചുകൊണ്ടു ഭരണം നടത്താൻ കേരളം റഷ്യയും ചൈനയുമല്ലെന്നു കമ്യൂണിസ്റ്റുകാർ മനസ്സിലാക്കി. ഇന്ത്യയിലെ ഒരു സംസ്ഥാനത്തു ഭരണം നടത്തേണ്ടതു ഭരണഘടനാതത്വങ്ങൾ അനുസരിച്ചായിരിക്കണമെന്നും അവർ പഠിച്ചു.

ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യൻ കമ്യൂണിസ്റ്റു പ്രസ്ഥാനത്തിനു ജനാധിപത്യ ബോധം പകർന്നു നല്കിയതു വിമോചനസമരമാണ്. അതു കേരളീയർക്കും കമ്യൂണിസ്റ്റു പാർട്ടിക്കും ഒരേ സമയം ആശ്വാസമായി; രാഷ്ട്രീയപാഠവുമായി.

# രാഷ്ട്രീയ മൂല്യച്യുതിയ്ക്കെതിരെ യുവജനസംഘടനകൾ മുന്നിട്ടിറങ്ങണം

## സി.എഫ്.തോമസ്



*ബാബു ചാഴികാടൻ യുവജനവേദി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 18-ാമത് ബാബു ചാഴികാടൻ അനുസ്മരണ സമ്മേളനം കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്.തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.*

രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യച്യുതികൾക്കെതിരെ യുവജനസംഘടനകൾ മുന്നിട്ടിറങ്ങണമെന്ന് കേരളാ കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്.തോമസ് എംഎൽഎ പറഞ്ഞു.

ബാബു ചാഴികാടൻ യുവജനവേദി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശേരിയിൽ നടന്ന 18-ാമത് ബാബു ചാഴികാടൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ന് ഇന്ത്യയിലെ ഏറ്റവും പ്രബുദ്ധമെന്ന് പേരുകേട്ട കേരളത്തിലെ പോലും രാഷ്ട്രീയ, സാംസ്കാരിക, മണ്ഡലങ്ങളിൽ നടക്കുന്ന കാര്യങ്ങൾ അനുകരണീയമായവയല്ല. അഭിമാനപൂർവം ഉയർത്തിപ്പിടിക്കുവാൻ കഴിയുന്ന രാഷ്ട്രീയനേതാക്കളും സാംസ്കാരിക നായകരും തുലോം കുറഞ്ഞുകൊണ്ടുമിരിക്കുന്നു. വാദപ്രതിവാദങ്ങളും പരസ്പരമുള്ള ആരോപണ പ്രത്യാരോപണങ്ങളും മാത്രം മുഴങ്ങികേൾക്കുന്നതുവഴി നമ്മുടെ സാമൂഹ്യാന്തരീക്ഷം മലീമസമാക്കപ്പെട്ടിരിക്കുന്നു. ഇത് അനുവദിച്ചുകൊടുക്കാൻ പാടില്ല. അതിനാൽ യുവജനസംഘടനകൾ രാഷ്ട്രീയത്തിനതീതമായി മുന്നിട്ടിറങ്ങി ഈ അവസ്ഥയെ പ്രതിരോധിക്കേണ്ടതാണെന്നും സി.എഫ്.തോമസ് പറഞ്ഞു.

തോമസ് ചാഴികാടൻ എംഎൽഎ മുഖ്യപ്രഭാഷണം നടത്തി.

ബാബു ചാഴികാടൻ യുവജനവേദി സംസ്ഥാന പ്രസിഡന്റ് ബിജോയ് പ്ലാത്താനം അധ്യക്ഷത വഹിച്ചു. ജസ്റ്റിൻ ബ്രൂസ്, ലാലിച്ചൻ കുന്നിപ്പറമ്പിൽ, സിസ്റ്റർ റോയി മേരി, വിനോദ് മണമേൽ, വി.ജി.ഗോപാലകൃഷ്ണൻനായർ, ബിനു മൂലയിൽ, സാബു ഏബ്രഹാം, എം.കെ.ഹരിക്കുട്ടൻ എന്നിവർ പ്രസംഗിച്ചു.

# പ്രഥമ പരിഗണന കർഷകർക്കും കാർഷിക മേഖലയ്ക്കും

>>1

കോൺഗ്രസ്സിനും യു.പി.എയ്ക്കും പകരംവയ്ക്കാൻ മറ്റൊരു രാഷ്ട്രീയ കക്ഷിയോ രാഷ്ട്രീയസഖ്യമോ ഇല്ലെന്ന ജനങ്ങളുടെ പ്രഖ്യാപനം കൂടിയായിരുന്നു തെരഞ്ഞെടുപ്പു വിജയം.

ബഹുമാന്യയായ സ്പീക്കർ, ഈ ഗവൺമെന്റിനെക്കുറിച്ച് ഇന്ത്യൻ ജനതയ്ക്ക് ഒട്ടേറെ പ്രതീക്ഷകളുണ്ട്. അവസരത്തിനൊത്തുയരാനും ജനങ്ങളുടെ പ്രതീക്ഷകളെ കഴിയുന്നിടത്തോളം സാക്ഷാത്കരിക്കാനും നമുക്കു സാധിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

ആദരണീയയായ പ്രസിഡന്റിന്റെ പ്രസംഗത്തിലെ, ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കും എന്ന പ്രഖ്യാപനം തീർച്ചയായും സ്വാഗതാർഹമാണ്. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഓരോ കുടുംബത്തിനും മൂന്നുരൂപ നിരക്കിൽ പ്രതിമാസം 25 കിലോഗ്രാം അരിയോ ഗോതമ്പോ നല്കും എന്ന വാഗ്ദാനവും ആശ്വാസകരമാണ്.

അതുപോലെതന്നെ ആദ്യത്തെ നൂറു ദിവസത്തിനുള്ളിൽ വനിതാസംവരണ ബിൽ യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കും എന്ന പ്രഖ്യാപനവും വിപ്ലവകരവും അഭിനന്ദനാർഹവുമാണ്.

എന്റെ വീക്ഷണത്തിൽ വികസനവും സാമൂഹ്യ പുരോഗതിയും പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നവയാണ്. ഇതു രണ്ടും നമ്മൾ ഒരേസമയം നേടിയെടുക്കണം. സമഗ്രവികസനം എന്നു പറയുന്നത് തുല്യനീതിയോടുകൂടിയ വളർച്ചയാണ്. ഇന്നും ഇന്ത്യയിലെ 70 ശതമാനം ജനങ്ങൾ ഗ്രാമങ്ങളിൽ കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണെന്ന വസ്തുത നമ്മൾ മറക്കരുത്.

ആഭ്യന്തരവിഭവശേഷി കണക്കിലെടുക്കുമ്പോൾ നമ്മുടെ കാർഷികവികസനം 2.4 ശതമാനത്തിൽ താഴെ മരവിച്ചു നില്ക്കുന്നു എന്നത് ഒട്ടും സന്തോഷകരമല്ല. അസംഘടിതമേഖലയിൽ തൊഴിലും വരുമാനവും ഉറപ്പുവരുത്താത്തിടത്തോളം കാലം നമുക്കൊരിക്കലും സമഗ്രവികസനം കൈവരിക്കാനാവില്ല എന്നാണ് ഞങ്ങളുടെ പാർട്ടി, കേരളാ കോൺഗ്രസ് (എം)ന്റെ കാഴ്ചപ്പാട്. അതുകൊണ്ട് പുതിയ ഗവൺമെന്റിന്റെ വികസന മുൻഗണനകൾ കൂടുതൽ കാർഷികവികസനം, കൈവരിക്കുക, ഗ്രാമീണജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങളും കൂടുതൽ വരുമാനവും ഉറപ്പു വരുത്തുക എന്നിവയായിരിക്കണം.

ഇന്നു നമ്മുടെ രാഷ്ട്രം അടിയന്തിരമായി ആവശ്യപ്പെടുന്നത് ഇടത്തരം കർഷകർക്ക് സാമ്പത്തിക ഉത്തേജനവും സാമ്പത്തികശാക്തീകരണവും പ്രദാനം ചെയ്യുന്ന ഒരു സുവർണപദ്ധതിയാണ്. ആഗോളസാമ്പത്തിക പ്രതിസന്ധി നിലനില്ക്കുന്നിടത്തോളം കാലം അതിന്റെ ദോഷഫലങ്ങൾ പരമാവധി ഇല്ലാതാക്കുന്ന ക്രിയാത്മകമായ സാമ്പത്തിക കർമപരിപാടിയായിരിക്കണം ഈ ഗവൺമെന്റ് നടപ്പിൽ വരുത്തേണ്ടത്. ഇതോടൊപ്പം സുസ്ഥിരമായ ഒരു സാമ്പത്തിക സാഹചര്യം ഉറപ്പാക്കുന്നതിനുവേണ്ടി ഒരു സാമ്പത്തികശാക്തീകരണ കർമപരിപാടി സർക്കാരിന്റെ പൂർണനിയന്ത്രണത്തിൽ നടപ്പിലാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടാകേണ്ടതുമാണ്.

ഈ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളുന്ന രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

## ചുവരെഴുത്തുകൾ

ശ്വേതകേതു

# എന്തിനു പാഴ്ശ്രുതി മീട്ടുവതിനിയും ?

നിർഭയനാവാനുള്ള തയ്യാറെടുപ്പിൽ കോമാളിയാവുന്നവരും, സമ്മർദതന്ത്രങ്ങളുടെ തടവറയിൽ ഭീരുവാകുന്നവരും വെല്ലുവിളികളുടെ നടുമധ്യത്തിൽ ധീരനാവാൻ വ്യായാമം നടത്തുന്നവരും ചേർന്ന് കെട്ടിമറിഞ്ഞു വലിച്ചുവീഴ്ത്തിക്കഴിഞ്ഞു, സംസ്ഥാനഭരണത്തെയും ഇടതുമുന്നണിയെയും. നയപരമായ തീരുമാനത്തെ ആദർശം നുള്ളിനോവിക്കുന്നു. അല്ലെങ്കിൽ അനിഷേധ്യമായ നേതൃത്വത്തിന് സാത്ത്വിക പരിവേഷം നല്കാൻ ആദർശരാഷ്ട്രീയത്തിന്റെ അന്തഃകരണം വിസമ്മതിക്കുന്നു. രണ്ടായാലും കരിനിഴലു വീണ ഗർഭഗൃഹത്തിലെ ചൈതന്യം ബീഭത്സമായിരിക്കുകയാണ്.

മുദ്രാവാക്യത്തിന്റെ ശക്തിയിൽ ഇല്ലാതാവുന്നതാണോ അഴിമതിക്കേസെന്ന് കേന്ദ്രമന്ത്രി വയലാർ രവി ചോദിച്ചതും.

വിപ്ലവപ്രസ്ഥാനങ്ങളുടെ നടപ്പുകാലകാര്യസ്ഥന്മാർ ഇപ്പോൾ തരപ്പടിക്കാരുമായല്ല ചങ്ങാത്തം കൂടുന്നതും കളിപ്പന്തുകളിക്കുന്നതും. ദുർമേദസ്സകറ്റാൻ യോഗയും നീന്തലും ധ്യാനവും കഴിഞ്ഞ് പൊൻതളികയിൽ നിന്നും വെള്ളിക്കരണ്ടികൊണ്ട് അമൃതേത്ത് കഴിക്കുന്നവർക്ക് കേവലം പ്ലവമാലിന്യമാണ് വിപ്ലവം. 'അധികാരം കൊയ്യണമാദ്യം നാം, അതിനുമേലാവാവട്ടെ പൊന്നാര്യൻ' എന്നു പഠിപ്പിച്ച കാരണവന്മാരെയും അവരെന്നേ മറന്നു കഴിഞ്ഞു! അതാര്യമായ ഭരണമോഹം




നൈതികമായ ജീവിതപരിസരങ്ങളോട് വിധേയത്വമുള്ളവർ ഒരിക്കലും നിയമസംഹിതയെ ധിക്കരിക്കാറില്ല. മറിച്ചായാൽ അധമവികാരത്തിന്റെ അടിമത്തമേല്പിച്ച താൻപോരിമയുടെ കിരാതവാഴ്ചയും. വിക്ഷുബ്ധവും അസ്വീകാര്യവുമായ ഒരു തീരുമാനം വിവേകശാലി നേരിടുമ്പോൾ ചെമ്മനം പാടിയപോലെ: 'ആരു ജയിക്കുമിക്കേസിൽ ധനമദവീര്യമോ, സാമാന്യമാം ധർമനീതിയോ?' എന്നു കാത്തിരിക്കുന്നു, യാഥാർത്ഥ്യത്തെ അതിന്റെ തനിമയോടെ തിരിച്ചറിയുന്ന സാധാരണജനം.

അനീതിയെന്നുറപ്പുള്ള അധാർമികതയെ വാഴ്ത്തി സ്തുതിക്കാൻ സന്മനസ്സു കാണിക്കാത്തവരെ വരച്ചവരയിൽ നിർത്താൻ രാഷ്ട്രീയ നേതൃത്വം ഒരുങ്ങിയിറങ്ങുമ്പോൾ അക്കരപ്പച്ചയാവാതിരിക്കാൻ ചരടുവലിച്ചവരുടെ സ്വകാര്യനീക്കങ്ങളിൽ വേദനിച്ച് ആത്മരോഷത്താൽ പിൻവാങ്ങിയവരും ചുരുക്കമല്ല.

"സ്ഥാപിതതാത്പര്യമേതുമില്ലാത്ത, കമ്യൂണിസമെന്തെന്ന് നന്നായറിയുന്ന, ചുണക്കുട്ടികൾ ഈ വഴി വരും. അവരുടെ കൈകളിൽ ഇന്ത്യൻ തൊഴിലാളിവർഗത്തിന്റെ ഒരേയൊരു കൊടിക്കൂറ പാറിപ്പറക്കും. അവർ ചരിത്രം സൃഷ്ടിക്കും. അതൊരു മഹാസംഭവമായിരിക്കും" - ചെറുപ്പത്തിലേ നിയമബിരുദം നേടി വിപ്ലവപ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായെത്തിയ ആർ. ശങ്കരനാരായണൻ തമ്പിയുടേതാണീ വാക്യങ്ങൾ. നിയമസഭാംഗമായി, കേരള നിയമസഭയുടെ പ്രഥമസ്പീക്കറായിരുന്ന എണ്ണയ്ക്കാട്ടു കൊട്ടാരത്തിലെ തമ്പിസാറിന്, ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിലുണ്ടായ ഭിന്നിപ്പുപോലും താങ്ങാനാവാത്തതായിരുന്നു. ഒരിക്കൽ തിരുനെല്ലൂർ കരുണാകരന്റെ ചോദ്യത്തിന് ഉത്തരമായാണ് ഇത്തരത്തിലൊരു പ്രവചനം അദ്ദേഹം പങ്കുവച്ചത്.

**പാർട്ടി ഓഫീസുകളിലെ ശീതീകരിച്ച മുറികളിലിരുന്നു പുത്തൻകൂറ്റുകാർ തട്ടിവിട്ട സ്ഥിതിവിവരകണക്കുകളിൽ നേരിന്റെ കണിക പോലുമില്ലായിരുന്നു. അതു വിശ്വസിച്ച് പായവിരിച്ച പ്രകാശ് കാരാട്ടും പിണറായി വിജയനും ഇളിഭ്യരായെന്നു മാത്രം. അതല്ലേ പ്രവർത്തകരെ വഴിയാധാരമാക്കി, പാർട്ടിയെ അറവുശാലയിലെത്തിച്ചത്? ദില്ലിയിൽ നിന്നും തിരുവനന്തപുരത്തും നെടുമ്പാശ്ശേരിയിലും വിമാനമിറങ്ങുന്നവർ ഉപജാപത്തിന്റെ മാൻഡേറ്റ് സംരക്ഷിച്ചു തിരിച്ചുപോവുന്നിടത്ത് ഇതിനപ്പുറം എന്തു സംഭവിക്കാൻ?**

പിഴവു സംഭവിക്കുന്നതും, പഴിയേല്ക്കുന്നതും ആർക്കാണ്? ഭരണഘടനാസ്ഥാപനങ്ങളെ ഉപരോധിച്ചും കരിദിനമാചരിച്ചും സത്യധർമങ്ങളെ ചവിട്ടിമെതിക്കുന്നവർക്ക് രാജ്യത്തോടും ഭരണഘടനയോടും, ഉപജീവിക്കുന്ന പ്രസ്ഥാനത്തോടുപോലും കൂറും ആദരവും ഇല്ലെന്നല്ലേ? അതാണ്, തെരുവിലെ

>> 4

# പ്രതിച്ഛായ ഓണപ്പതിപ്പ് 2009



**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

✦ മറക്കാനാവാത്ത അനുഭവം വായനക്കാരുമായി പങ്കുവയ്ക്കുന്നു



*കെ. കരുണാകരൻ, കെ. എം മാണി, ഉമ്മൻ ചാണ്ടി, മമ്മൂട്ടി, ലാലു അലക്സ്, ജസ്റ്റീസ് കെ.ടി.തോമസ്, പി. കെ. നാരായണ പണിക്കർ, ആർ. ബാലകൃഷ്ണ പിള്ള, കെ.വി. തോമസ്, കെ.എം. മാത്യു*

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
 - ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ
 - ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം
 - ***ദഹനബലി***

✦ പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണനുമായി ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും നടത്തുന്ന അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

✦ **ന്യൂസ് ഡയറി**

2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ. കേരളം, ദേശീയം, വിദേശം എന്നീ മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം - 1*

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



# രാഷ്ട്രപതിയുടെ അധികാരം

ഇന്ത്യയുടെ ഭരണത്തലവനായ രാഷ്ട്രപതിയുടെ അധികാരാവകാശങ്ങൾ എന്തെല്ലാം? പലർക്കും ഇതു സംബന്ധിച്ചു വ്യക്തമായ ധാരണയില്ല.

ഇന്ത്യൻ ഭരണഘടന പ്രകാരം രാഷ്ട്രത്തലവനാണു രാഷ്ട്രപതി. നിയമനിർമാണ സഭകളായ യൂണിയൻ എക്സിക്യൂട്ടീവിന്റെ അധ്യക്ഷനുമാണ്. അതായത് സർക്കാരിനെ നയിക്കുന്നത് പ്രധാനമന്ത്രിയാണെങ്കിലും ഭരണഘടനപ്രകാരം രാഷ്ട്രപതിക്കാണ് സർവാധിപത്യം. ഭരണഘടനയുടെ 53-ാം വകുപ്പു പ്രകാരം രാജ്യത്തെ കര-നാവിക-വ്യോമസേനകളുടെ സർവസൈന്യാധിപസ്ഥാനവും രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്.

പ്രധാനമന്ത്രി, മന്ത്രിസഭാംഗങ്ങൾ, സംസ്ഥാന ഗവർണർമാർ, സുപ്രീം കോടതി, ഹൈക്കോടതി ജഡ്ജിമാർ, ഇലക്ഷൻ കമ്മീഷണർ, അറ്റോർണി ജനറൽ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ, നയതന്ത്ര പ്രതിനിധികൾ, ധനകാര്യ കമ്മീഷൻ അംഗങ്ങൾ, യു.പി.എസ്.സി. അംഗങ്ങൾ തുടങ്ങിയ രാജ്യത്തിന്റെ തന്ത്രപ്രധാന സ്ഥാനങ്ങളിലേക്കുള്ള നിയമനവും മറ്റും രാഷ്ട്രപതിയുടെ നിയന്ത്രണത്തിലാണെന്ന് ഭരണഘടന വിഭാവന ചെയ്യുന്നു.

രാജ്യത്തെ നിയമനിർമാണ പ്രക്രിയയുടെ ഒടുവിലത്തെ വാക്കായും രാഷ്ട്രപതി സ്ഥാനത്തെ കാണുന്നു. പാർലമെന്റിൽ അവതരിപ്പിക്കുന്ന ബില്ലുകൾ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ നിയമം ആകുകയുള്ളു. അതിനാൽ പാർലമെന്റിൽ പാസ്സാകുന്ന ബില്ലുകൾ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ സസൂക്ഷ്മം പരിശോധിക്കുകയും ഭരണഘടനാവിരുദ്ധമായി യാതൊന്നുമില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തശേഷമേ രാഷ്ട്രപതി അതിൽ ഒപ്പു വയ്ക്കുകയുള്ളു. മറിച്ചാണെങ്കിൽ ബില്ല് തിരിച്ചയയ്ക്കുവാനോ ഭേദഗതികൾ നിർദേശിക്കുവാനോ രാഷ്ട്രപതിക്ക് പൂർണ അധികാരം ഉണ്ട്.



രാഷ്ട്രപതി ഭവൻ

രാജ്യം ഏതെങ്കിലും തരത്തിലുള്ള അടിയന്തിരഘട്ടത്തെ നേരിടുന്ന പശ്ചാത്തലത്തിൽ പാർലമെന്റിന്റെ ഇരുസഭകളും വിളിച്ചു കൂട്ടാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്. കൂടാതെ ഭരണഘടനാവിരുദ്ധമായ എന്തെങ്കിലും ശ്രദ്ധയിൽപെട്ടാൽ ലോക്സഭ പിരിച്ചു വിടാനും രാഷ്ട്രപതിക്ക് ഭരണഘടന അധികാരം നല്കുന്നു. കല, സാഹിത്യം, സാംസ്കാരികം, പൊതുപ്രവർത്തനം എന്നീ നിലകളിലും മറ്റും സ്തുത്യർഹമായ സേവന മനുഷ്ഠിക്കുന്നവരെ രാജ്യം ആദരിക്കുന്നതിന്റെ ഭാഗമായി 12 പേരെ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യുവാനും രാഷ്ട്രപതിക്ക് ഭരണഘടന അനുവാദം നല്കുന്നു. ലോക്സഭയിലേക്കു രണ്ട് ആംഗ്ലോ ഇന്ത്യൻ പ്രതിനിധികളെ നാമനിർദേശം ചെയ്യുന്നതും രാഷ്ട്രപതി തന്നെ.

ഭരണഘടനയുടെ 352-ാം അനുച്ഛേദ പ്രകാരം രാജ്യത്തൊട്ടാകെയോ ഏതെങ്കിലും ഭാഗത്തോ സുരക്ഷിതത്വ ഭീഷണിയുണ്ടെന്നു ബോധ്യപ്പെട്ടാൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്. ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് ക്രമസമാധാനത്തകർച്ചയുണ്ടെന്നു ബോധ്യപ്പെട്ടാൽ ഗവർണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ 356-ാം വകുപ്പനുസരിച്ച് മന്ത്രിസഭ പിരിച്ചുവിട്ട് സംസ്ഥാന ഭരണം ഏറ്റെടുക്കാനും രാഷ്ട്രപതിക്ക് അധികാരമുണ്ട്. രാജ്യത്ത് പൂർണമായോ ചില പ്രദേശങ്ങളിൽ മാത്രമായോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യമുണ്ടായാൽ 360-ാം വകുപ്പ് പ്രകാരം സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനും രാഷ്ട്രപതിക്ക് അധികാരമുണ്ട്. ■

3 >>

# എന്തിനു പാഴ്ശ്രുതി മീട്ടുവതിനിയും ?

78-ാമത്തെ വയസ്സിൽ അന്തരിച്ച തമ്പിസാറിനെ അനുസ്മരിച്ച് തിരുനെല്ലൂരെഴുതിയ കൊച്ചുകുറിപ്പിലെ (അനുസ്മരണങ്ങൾ) ചുണക്കുട്ടികൾ മുൻനിരയിലേക്കു തന്നെ വന്നു. പീഡനങ്ങൾ സഹിക്കാതെയും, തടവറ പൂകാതെയും കൊടിക്കൂറപിടിച്ചവർക്ക് ഉത്സവാഘോഷമായിരുന്നു പ്രസ്ഥാനം. വിപ്ലവമാവട്ടെ മുഷ്ടികളിലൊതുങ്ങിയതുമില്ല. ഇതെല്ലാം കെട്ടിപ്പടുക്കാൻ കൊടിയ ദാരിദ്ര്യമനുഭവിച്ചുവെന്നു പറയുന്ന വയോധികരെ അവർക്കു കണ്ണുകീറി കാണരുതെന്നായി!

പാർട്ടി ഓഫീസുകളിലെ ശീതീകരിച്ച മുറികളിലിരുന്നു പുത്തൻകൂറ്റുകാർ തട്ടിവിട്ട സ്ഥിതിവിവരകണക്കുകളിൽ നേരിന്റെ കണിക പോലുമില്ലായിരുന്നു. അതു വിശ്വസിച്ച് പായവിരിച്ച പ്രകാശ് കാരാട്ടും പിണറായി വിജയനും ഇളിഭ്യരായെന്നു മാത്രം. അതല്ലേ പ്രവർത്തകരെ വഴിയാധാരമാക്കി, പാർട്ടിയെ അറവുശാലയിലെത്തിച്ചത്? ദില്ലിയിൽ നിന്നും തിരുവനന്തപുരത്തും നെടുമ്പാശ്ശേരിയിലും വിമാനമിറങ്ങുന്നവർ ഉപജാപത്തിന്റെ മാൻഡേറ്റ് സംരക്ഷിച്ചു തിരിച്ചുപോവുന്നിടത്ത് ഇതിനപ്പുറം എന്തു സംഭവിക്കാൻ?

അതിനിടയിൽ സിനിമാക്കാർ 'സൂപ്പർ മൾട്ടിസ്റ്റാർ ടെക്നോവിഷൻ സിനിമാസ്കോപ്പു' ചിത്രമെന്ന് പറയുംപോലെ 'ദീർഘകാലാടിസ്ഥാനത്തിൽ വിജയം നമുക്കായിരിക്കുമെന്ന് ഒരു എസ്ആർപി സാങ്കേതികത്വം പറഞ്ഞാൽ സാധാരണക്കാരൻ എന്തു മനസ്സിലാക്കണം?

സിപിഎം നേതൃത്വം അഴിമതി കൊണ്ടു വിനോദയാത്ര നടത്തുമ്പോൾ അതിനു തടയിടേണ്ട കേന്ദ്രനേതൃത്വം സഹയാത്രികരായി ഊരുചുറ്റുകയാണ്. ദില്ലിയിലും മാരാരിക്കുളത്തും മലമ്പുഴയിലും കണ്ണൂരിലും ഏകെജി സെന്ററിന്റെ ചുവരിലും പ്രത്യക്ഷപ്പെട്ട പോസ്റ്ററുകൾ ചോദിക്കുന്നു: എത്ര കിട്ടി സഖാവേ? പ്രഥമഗഡുവായി മലബാർ ക്യാൻസർ സെന്ററിനു കിട്ടിയ പന്ത്രണ്ടരക്കോടി രൂപ ഏത് അക്കൗണ്ടിൽപെടുത്തി? ഇങ്ങനൊരു കാലമുണ്ടാവുമെന്നു ഞങ്ങൾ തീരെ പ്രതീക്ഷിച്ചില്ല; ഇത്തരക്കാരായ നേതാക്കളെയും. പിച്ചിച്ചീന്തുമ്പോഴും ടാർമഷി പുരളുമ്പോഴും സ്വയം സംസാരിക്കുന്ന ആ പോസ്റ്റർ അന്വേഷിക്കുന്നുണ്ടാവും: ഭൂമിയിൽ സത്യത്തിനെത്ര വയസ്സായെന്ന്? അച്യുതാനന്ദന്റെ മൗനത്തിനും, ഭരണഘടനാനുസൃതമായ പ്രതികരണത്തിനും ഉല്ലേഖവും ഉത്പ്രേക്ഷയും ചമയ്ക്കുന്നവർ ഈ ചുവർപരസ്യത്തെ ഏതു വൃത്തത്തിലും അലങ്കാരത്തിലും പെടുത്തി അന്വയിക്കും?

**ഇത്തരത്തിൽ രാഷ്ട്രീയസദാചാരം വൺവേ ട്രാഫിക്കാവുന്നത് കണ്ടാവണം സിപിഎമ്മിന് സാരമായ എന്തോ കുഴപ്പം സംഭവിച്ചിട്ടുണ്ടെന്ന് മുൻ ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി തീർപ്പാക്കിയത്. ചില കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട ലാലുപ്രസാദ് യാദവും എൽ.കെ. അദ്വാനിയും രാജിവയ്ക്കണമെന്ന് മുറവിളി കൂട്ടിയവർ എന്തിന് നയം മാറ്റുന്നു, സംസ്ഥാന സെക്രട്ടറിയുടെ കാര്യത്തിൽ?**

ഇഎംഎസ്സ് ജന്മശതാബ്ദിയും വിമോചനസമര സുവർണജൂബിലിയും ചേർന്നുവന്ന സുദിനം പെരിന്തൽമണ്ണയിലും അങ്കമാലിയിലും ആഘോഷിച്ചു. 'ഇഎംഎസ്സിന്റെ ലോകം' ദേശീയ സെമിനാർ സിപിഎം ജനറൽ സെക്രട്ടറി ഉദ്ഘാടനം ചെയ്ത വേദിയിൽ, ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡണ്ട് പി. ശ്രീരാമകൃഷ്ണൻ മുതൽ കേന്ദ്രകമ്മിറ്റിയംഗം പാലൊളി മുഹമ്മദുകുട്ടിയും കെ.ടി. ജലീൽ എംഎൽഎയും സംസ്ഥാനകമ്മിറ്റിയംഗം കെ.സെയ്താലിക്കുട്ടിയും ഉണ്ടായിരുന്നിട്ടും, മലപ്പുറം മണ്ണിലേക്ക് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ ആരും ക്ഷണിച്ചില്ല. അല്പം സ്ഥലം പോലും ദേശാഭിമാനിപത്രം വിഎസിന് അനുവദിച്ചുകൊടുത്തില്ല, സഹപ്രവർത്തകനായിരുന്ന ഇഎംഎസ്സിനെ അനുസ്മരിക്കാൻ!

ആ ധർമസങ്കടം തീർത്തുകൊടുത്തത് മാതൃഭൂമി ദിനപ്പത്രമായിരുന്നു. അതിൽ വിഎസ് എഴുതി: "വിമർശനവും സ്വയം വിമർശനവും തെറ്റുതിരുത്തൽ പ്രക്രിയയും വഴിയാണ് പുതിയ മുന്നേറ്റത്തിന് വഴി തെളിയുന്നതും, സ്വന്തം ഭാഗത്തെ തെറ്റുതിരുത്തുകയും വിവിധ ജനവിഭാഗങ്ങൾക്ക് തെറ്റിദ്ധാരണയുണ്ടെന്ന് തോന്നുകയാണെങ്കിൽ അതു തിരുത്താൻ ആശയപ്രചരണം നടത്തുകയും ചെയ്യുക."- ഇഎംഎസ്സിനെ ഉദ്ധരിച്ച് വിഎസിന്റെ നിർദേശം. സമശീതോഷ്ണം നഷ്ടമായ കാലാവസ്ഥയിൽ ഇഎംഎസ്സ് കൃതിയിൽ മാത്രം ഘനീഭവിച്ചു നില്ക്കുന്ന ഈ സൂക്തം ഇന്നാരെയെങ്കിലും കോരിത്തരിപ്പിക്കുന്നുവെങ്കിൽ അത് എ.ബി. ബർദനെയും വെളിയം ഭാർഗവനെയുമായിരിക്കും. അഭിപ്രായവൈരുധ്യങ്ങളിൽ നീന്തിത്തുടിക്കുന്ന സിപിഐക്ക് തന്ത്രപൂർവം എത്തിപ്പിടിക്കാൻ ഇതു ധാരാളം മതി.

സംസ്ഥാനത്ത് കരിദിനം ആഘോഷിച്ചതിന് ശേഷമുള്ള ചുവടുവെയ്പ്പുകൾ വിഎസിനെ തിരശ്ശീലയ്ക്കു പിന്നിൽ നിർത്തിക്കൊണ്ടുള്ളതായിരുന്നു. പൊതുപരിപാടികളിൽ നിന്നെന്നപോലെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് നല്കുന്ന പരസ്യത്തിലും മുഖ്യമന്ത്രിയുടെ തലവെട്ടം കാണാനില്ല. സഹകരണ ലൈബ്രറി കോൺഗ്രസ്, ആലപ്പുഴ ജില്ല സംസ്ഥാന ഊർജവകുപ്പിന്റെ സമർപ്പണത്തിലും ഈ ചിറ്റമ്മനയം പാലിച്ചു. ആലപ്പുഴ അച്യുതാനന്ദന്റെ തട്ടകമെന്നറിയുന്ന മന്ത്രി എ.കെ. ബാലന് പിഴവു പറ്റിയതല്ലെന്നു വ്യക്തം.

വിഭാഗീയതയുടെ വെടിനിർത്തൽ വന്ന ശേഷവും സംസ്ഥാന സെക്രട്ടറിയെ താങ്ങിനിർത്താൻ പെടാപ്പാടുപെടുന്നവരുടെ ആളോഹരി എത്രയെന്നറിയേണ്ടതുണ്ടല്ലോ? അതു ഭംഗിയായി നിർവഹിച്ചു ബാലനും സുധാകരനും കരീമും ശ്രീമതിയും; കോടിയേരിയുടെ അനുഗ്രഹത്തിൽ, ജയരാജന്മാരുടെ മേല്നോട്ടത്തിൽ.

ഇത്തരത്തിൽ രാഷ്ട്രീയസദാചാരം വൺവേ ട്രാഫിക്കാവുന്നത് കണ്ടാവണം സിപിഎമ്മിന് സാരമായ എന്തോ കുഴപ്പം സംഭവിച്ചിട്ടുണ്ടെന്ന് മുൻ ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി തീർപ്പാക്കിയത്. ചില കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട ലാലുപ്രസാദ് യാദവും എൽ.കെ. അദ്വാനിയും രാജിവയ്ക്കണമെന്ന് മുറവിളി കൂട്ടിയവർ എന്തിന് നയം മാറ്റുന്നു, സംസ്ഥാന സെക്രട്ടറിയുടെ കാര്യത്തിൽ? സിപിഎം പുറത്താക്കിയ ചാറ്റർജി വൈകിയാണെങ്കിലും മനസ്സു തുറന്നിരിക്കുന്നു.

നാടകീയ മുഹൂർത്തങ്ങളെ പെരുപ്പിച്ചു നിർത്തുന്ന സംഘർഷവും കാതടപ്പൻ സംഭാഷണങ്ങളുമായി ഉത്സവപ്പറമ്പിലെ മറച്ചുകെട്ടിയ വേദിയിൽ അരങ്ങേറുന്ന നാടകം ചിലപ്പോൾ 'മെലോഡ്രാമ'യിലേക്ക് മൂക്കുകുത്തും. സംസ്ഥാന രാഷ്ട്രീയവും വില്ലന്മാർ മാത്രമുള്ള, എൻ.എൻ. പിള്ളയുടെ 'വിഷമവൃത്തം' നാടകംപോലെ തകർക്കുകയാണ്. രംഗബോധമുള്ളവർ അണിയറയിലൊരുങ്ങുന്നു. മറ്റൊരു നാടകത്തിനു വേണ്ടി! അവർക്കു പാടി അഭിനയിക്കാൻ കാളിദാസകലാകേന്ദ്രത്തിന്റെ 'ഡോക്ടർ' നാടകത്തിൽ സി.ഒ. ആന്റോ പാടിയ ശോകഗാനം ധാരാളം മതിയാവും.

*"എന്തിനു പാഴ്ശ്രുതി മീട്ടുവതിനിയും*
*തന്ത്രികൾ പൊട്ടിയ തംബുരുവിൽ..."*

❖

CYAN MAGENTA YELLOW BLACK

കാർഷികം

ശശീന്ദ്രൻ കുണ്ടുവാറ

# കേരളം കേരകർഷകരെ മറക്കുന്നുവോ?

നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്.... പി. ഭാസ്കരൻ മാഷ് എഴുതിയ പ്രശസ്തമായ സിനിമാഗാനം ആരംഭിക്കുന്നത് ഇങ്ങനെയാണ്. മലയാള ഗന്ധമുള്ള ഈ ഗാനം ഏതോ പഴയകാലത്തെ ചിത്രീകരിക്കുന്നതായി വരുംതലമുറയ്ക്ക് കണക്കാക്കേണ്ടി വന്നാൽ അത്ഭുതപ്പെടേണ്ടതില്ല. കാരണം, നാളികേരവും കേരളവും തമ്മിൽ ഇന്നലെ ഉണ്ടായിരുന്ന അഭേദ്യബന്ധം നാളെ ഉണ്ടാകുമെന്ന് ഉറപ്പില്ല എന്നതുതന്നെ.

## നെല്ല് മരത്തിലാണോ കായ്ക്കുന്നത്!

നെല്ല് മരത്തിലാണോ കായ്ക്കുന്നത് എന്നു ചോദിക്കുന്ന സമൂഹവും അതിവിദൂരമല്ലാതെയാകുന്നു. മാത്രമല്ല സാധാരണക്കാരന് നാഴിയിടങ്ങഴി മണ്ണ് എന്നത് നടക്കാത്ത സ്വപ്നമായി മാറിക്കൊണ്ടിരിക്കുന്നു, മാറിക്കഴിഞ്ഞിരിക്കുന്നു. റോക്കറ്റിന്റെ വേഗത്തെ അമ്പരപ്പിക്കുന്നതാണ് ഭൂമിയുടെ വിലവർധന. എല്ലാ സ്ഥലങ്ങളും വ്യാവസായികം എന്ന പേരിൽ മുതലാളിമാർ കൈപ്പിടിയിൽ ഒതുക്കുന്നു. കർഷകർ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

സ്ഥിതിവിവരക്കണക്കുകൾ നമുക്കറിയാം. കണക്കിലല്ലല്ലോ കാര്യം. കർഷകനുവേണ്ടി ശബ്ദമുയർത്തുവാനും പ്രവർത്തിക്കുവാനും, നട്ടെല്ലുള്ള, ഭാവനാപൂർണമായ നടപടികൾ കൈക്കൊള്ളുവാനും കഴിവുള്ള രാഷ്ട്രീയ പാർട്ടികളുടെ ഭരണം ആവശ്യമായി വന്നിരിക്കുന്നു. നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും ഏറ്റവും വലിയ ശത്രു എണ്ണപ്പനയും പാമോയിലുമാണ്.



ലോകത്തിലെ ഏറ്റവും വലിയ പാമോയിൽ ഉത്പാദക രാഷ്ട്രമാണ് മലേഷ്യ. അവർ തെങ്ങും റബ്ബറും വെട്ടിമാറ്റി എണ്ണപ്പന നട്ടത് ഭക്ഷ്യ എണ്ണയുടെ ലോക മാർക്കറ്റ് അറിഞ്ഞുകൊണ്ടുതന്നെയായിരുന്നു. (നമ്മൾ തെങ്ങും റബ്ബറും വെട്ടിമാറ്റണമെന്നല്ല. പക്ഷേ, അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിടാൻ നാം എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചെന്നും അതെല്ലാം എത്രത്തോളം വിജയിച്ചു എന്നും ചിന്തിക്കേണ്ടതാണ്).

## കർഷകനെ മറന്നുള്ള നയതന്ത്രം

കാർഷിക കരാർ പ്രകാരം ഭക്ഷ്യ എണ്ണയുടെ ബൗണ്ട് റേറ്റ് 300 ശതമാനമായിരിക്കെ ഇന്ത്യയിൽ ഏറ്റവുമധികം ഇറക്കുമതി ചെയ്യുന്ന പാമോയിലിന് വാജ്പേയ് സർക്കാർ ചുമത്തിയത് 75% ചുങ്കം ആയിരുന്നു. പിന്നീട് പ്രധാനമന്ത്രി വാജ്പേയ് മലേഷ്യ സന്ദർശിച്ചപ്പോൾ അത് 65% ആക്കി കുറച്ചു.

2002ൽ മലേഷ്യൻ പ്രധാനമന്ത്രി ഡോ. മഹാതീർ മുഹമ്മദ് ഇന്ത്യ സന്ദർശിച്ചപ്പോൾ സോയാബീൻ എണ്ണയുടെ ചുങ്കം 45% മാത്രമായതിനാൽ പാമോയിലിന്റെയും അതോടൊപ്പമെങ്കിലുമാക്കി കുറപ്പിക്കുന്നതിന് അദ്ദേഹം ശ്രമിച്ചു.

ഇതനുസരിച്ച് സോയാബീൻ എണ്ണയുടെ ഇറക്കുമതി ഇന്ത്യൻ മാർക്കറ്റിൽ അനുദിനം വർധിച്ചു. ഇതിന്റെ പ്രധാന കാരണം അതിന്റെ ഉത്പാദക രാജ്യങ്ങളായ അമേരിക്ക, ബ്രസീൽ, അർജന്റീന എന്നിവയുടെ സമ്മർദവും അവിടത്തെ കർഷകർക്കു നല്കിയ പ്രോത്സാഹനവുമാണ്.

അമേരിക്കപോലുള്ള അതിവികസിത രാജ്യങ്ങൾ എല്ലാംതന്നെ, കാർഷികാഭിവൃദ്ധിയുടെ ആവശ്യം മനസ്സിലാക്കി അന്നാട്ടിലെ കർഷകർക്കും കാർഷിക ഉത്പന്നങ്ങൾക്കും പ്രോത്സാഹനവും രാഷ്ട്രീയ പിന്തുണയും നല്കുമ്പോൾ, ഇന്ത്യയിലെയും കേരളത്തിലെയും കർഷകസമൂഹം കടുത്ത അവഗണന നേരിടുന്നു. ഭൂമിയെ പൊന്നണിയിക്കുന്നവനെക്കാൾ കൂടുതൽ മാന്യതയും, ബഹുമാനവും അതു തുണ്ടുതുണ്ടാക്കി മുറിച്ചുവില്ക്കുന്നവന് നല്കുന്നു.

കേരളത്തിൽ തേങ്ങയുടെ ഉത്പാദനവും തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവും കുറഞ്ഞുവരികയാണെങ്കിലും ഈ മേഖലയിൽ നിന്നു തന്നെയാണ് ഏറ്റവും കൂടുതൽ കേരളീയർ ഇന്നും ജീവിത വരുമാനം കണ്ടെത്തുന്നത്. 35 ലക്ഷത്തിൽപരം കുടുംബങ്ങൾ നാളികേരം കൊണ്ട് ജീവിക്കുന്നു എന്നാണ് സർക്കാർ തന്നെ പറയുന്നത്. മണ്ഡരി, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങളും, വിലയിലെ ഉയർച്ച - താഴ്ചയും, വളങ്ങളുടെയും തൊഴിലാളികളുടെയും അഭാവവും, വിലവർധനയും ദുരിതത്തിലേക്ക് നയിക്കുന്ന ഈ വിഭാഗത്തിന്റെ തളർച്ച കേരളത്തിലെ ഓരോ പൗരന്റെയും തകർച്ചയാണെന്ന് നാം വിസ്മരിച്ചുകൂട.



> **അമേരിക്കപോലുള്ള അതിവികസിത രാജ്യങ്ങൾ എല്ലാംതന്നെ, കാർഷികാഭിവൃദ്ധിയുടെ ആവശ്യം മനസ്സിലാക്കി അന്നാട്ടിലെ കർഷകർക്കും കാർഷിക ഉത്പന്നങ്ങൾക്കും പ്രോത്സാഹനവും രാഷ്ട്രീയ പിന്തുണയും നല്കുമ്പോൾ, ഇന്ത്യയിലെയും കേരളത്തിലെയും കർഷകസമൂഹം കടുത്ത അവഗണന നേരിടുന്നു. ഭൂമിയെ പൊന്നണിയിക്കുന്നവനെക്കാൾ കൂടുതൽ മാന്യതയും, ബഹുമാനവും അതു തുണ്ടുതുണ്ടാക്കി മുറിച്ചുവില്ക്കുന്നവന് നല്കുന്നു.**

## ചെലവും വരുമാനവും തമ്മിൽ അന്തരം

30 വർഷങ്ങൾക്കു മുമ്പുള്ളതിനെക്കാൾ വളത്തിന്റെ വില 600% വും, കൂലി 800% വും വർധിച്ചിട്ടും നാളികേരത്തിന് 50% പോലും വില വർധിച്ചിട്ടില്ലെന്ന് പറയുമ്പോൾ കർഷകർ അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ തീവ്രത ഊഹിക്കാവുന്നതേയുള്ളൂ.

ഗവേഷകർക്കും വിദഗ്ധർക്കും വിളകൾക്കുണ്ടാകുന്ന രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഗവേഷണത്തിന്, നാളികേര വികസനബോർഡും മറ്റും ചെലവിടുന്ന കോടികൾ നിഷ്പ്രഭമാകുന്നു. സർക്കാർ സബ്സിഡികൾ വഴി വൻകിടക്കാർ നേട്ടമുണ്ടാക്കുമ്പോൾ ചെറുകിട കർഷകൻ വീണ്ടും തകർന്നുപോകുന്നു.

ഇത് കേവലം കേരളത്തിലെ മാത്രം പ്രശ്നമല്ല. കേരകൃഷിയുള്ള എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലെയും കർഷകർ ഇന്ന് പ്രതിസന്ധിയുടെ വക്കിലാണ്. എന്നാൽ തമിഴ്നാട്ടിലും ആന്ധ്രയിലുമുള്ള കർഷകൻ കേരളത്തിലെ കർഷകനെപ്പോലെ നിരാശയിൽ ആഴ്ന്നിട്ടില്ല. തീർച്ചയായും സർക്കാരിന്റെയും ബോർഡിന്റെയും ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരികയും പഠനവിഷയമാക്കുകയും ചെയ്യേണ്ടതാണ്.

കേരളത്തിലെ നാളികേര ഉത്പാദനം ഹെക്ടറിന് 7046 മാത്രമായിരിക്കെ, തമിഴ്നാട്ടിൽ അത് 13,133 ആണ്. കേരളീയന്റെ ദുരിതത്തിനുള്ള ഒരു കാരണം ഈ സംഖ്യകൾ തന്നെ വ്യക്തമാക്കുന്നു.

ഇന്ത്യയിൽ ഇന്നും ദേശീയ വരുമാനത്തിന്റെ മുഖ്യപങ്ക് കാർഷികമേഖലയാണ് സംഭാവന ചെയ്യുന്നത്. 1950-51ൽ 59%, 1960-61ൽ 54%, 1970-71ൽ 48%, 1980-81ൽ 40%, 1990-91ൽ 26.5% എന്നിങ്ങനെ ഇത് കുറഞ്ഞുവന്നു. വ്യവസായികളെ സ്ഥിരമായി ചർച്ചയ്ക്ക് വിളിക്കുന്ന സർക്കാർ, കർഷകന്റെ ദീനരോദനം കേൾക്കുവാൻ ഒരിക്കൽപോലും അവരുടെ ഒരു യോഗം വിളിച്ചു ചേർത്തിട്ടില്ല. അഥവാ വിളിക്കുകയാണെങ്കിൽ വ്യവസായികളായ രാഷ്ട്രീയ നേതാക്കളെ മാത്രം !

മറ്റൊരു കാരണം ഇന്ത്യൻ കർഷകന് അമേരിക്കയിലേയോ ബ്രിട്ടനിലെയോ മറ്റ് രാജ്യങ്ങളിലെയോ കർഷകരെ പോലെ ബഹുമാനമോ, മാന്യതയോ, സബ്സിഡികളോ മറ്റു പരിഗണനകളോ ഇനിയും ലഭിക്കുന്നില്ല എന്നതാണ്.

## സ്വീകരിക്കപ്പെടേണ്ട അമേരിക്കൻ മോഡൽ

അമേരിക്കയിലും ബ്രിട്ടനിലും മൊത്തവരുമാനത്തിന്റെ മൂന്നുശതമാനം മാത്രമാണ് കാർഷിക മേഖലയിൽ നിന്ന് ലഭിക്കുന്നത്. എന്നിട്ടും അമേരിക്കൻ കർഷകന് പ്രതിവർഷം ഇരുപതിനായിരം ഡോളർ ലഭിക്കുമ്പോൾ, ഇന്ത്യൻ കർഷകന് കിട്ടുന്നത് 300 ഡോളർ മാത്രമാണ് (ദേവേന്ദ്രശർമ - ഡൗൺ ടു എർത്ത് 2002 ജൂൺ).

നമ്മുടെ രാഷ്ട്രീയ നേതൃത്വങ്ങളുടെയും, ധനകാര്യ സാമ്പത്തിക വിദഗ്ധരുടെയും കർഷകരോടുള്ള സമീപനത്തിൽ മാറ്റം വരേണ്ടിയിരിക്കുന്നു. ഈ മാറ്റം ഇവിടുത്തെ ഓരോ പൗരനും ഉണ്ടാകേണ്ടിയിരിക്കുന്നു. കർഷകരെ പൊതുവെ എല്ലാവരും അവഗണനയോടുകൂടി കാണുന്നു. ഇതവസാനിപ്പിക്കാൻ രാഷ്ട്രീയനേതൃത്വം ഇച്ഛാശക്തി കാണിക്കണം. അത്തരം ഇച്ഛാശക്തിയുള്ള പാർട്ടികളെ കർഷകരും ജനങ്ങളും പിന്തുണച്ചില്ലെങ്കിൽ അതിവിദൂരമല്ലാത്ത ഒരു മഹാവിപത്ത് നാം ഓരോരുത്തരും നേരിടേണ്ടി വരും.

ഇതോടൊപ്പംതന്നെ, കർഷകരും സർക്കാരും ഗവേഷകരും മാർക്കറ്റിംഗ് വിദഗ്ധരും കൈകോർത്തു നിന്ന്, കർഷകരെയും അവരുണ്ടാക്കുന്ന കാർഷിക ഉത്പന്നങ്ങളെയും വൈവിദ്ധ്യവത്ക്കരിച്ച് ഉപയോഗപ്രദവും നിലനില്ക്കത്തക്കതുമായ ഒരു വിപണന ശ്രേണി ഉണ്ടാക്കേണ്ടതുമാണ്.

മാർക്കറ്റിംഗിന്റെ പോരായ്മ കൊണ്ടുമാത്രം തേങ്ങാചിപ്സ് പോലുള്ള ഉത്പന്നങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല എന്ന കാര്യം ഓർക്കേണ്ടതാണ്.

## കേന്ദ്രവിരുദ്ധതയിൽ കർഷകർ രക്തസാക്ഷികൾ

ഇപ്പോൾത്തന്നെ കേന്ദ്രം പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവിലയ്ക്കനുസരിച്ച് കർഷകരിൽ നിന്നും കൊപ്രയോ തേങ്ങയോ സംഭരിക്കുന്നതിന് ആവശ്യമായ നടപടികളൊന്നും തന്നെ നമ്മുടെ സംസ്ഥാനത്ത് നടപ്പായിട്ടില്ല. അതേസ്ഥാനത്ത് തമിഴ്നാട്ടിലും കർണാടകയിലും ഇത് നടപ്പാക്കുകയും ചെയ്തു. ഫലമോ കേരള കർഷകന് ഒരു ക്വിന്റലിന് 1650 രൂപവീതം നഷ്ടമാകുന്നു. മറ്റുള്ളവർക്ക് അത് കിട്ടുന്നു. ഇവിടെ ഈ ലാഭം വൻ വ്യവസായികൾ കൊയ്തെടുക്കുന്നു.

എം.എസ്. സ്വാമിനാഥൻ കമ്മീഷൻ പറഞ്ഞതുപ്രകാരമുള്ള താങ്ങുവില, ഉത്പാദന ബോണസ്സ്, ബാങ്കുവായ്പ കൃത്യമായ സമയത്ത് ലഭ്യമാക്കൽ തുടങ്ങിയവയൊന്നും നടപ്പാവുന്നില്ല.

കേരളത്തിലെ കർഷകർ നേരിടുന്ന മറ്റൊരു വലിയ വിപത്ത് കൂലിവർധനയും തൊഴിലാളികളുടെ അഭാവവുമാണ്. തെങ്ങുകയറാനും റബ്ബർവെട്ടാനും ആളില്ലാതായിരിക്കുന്നു. ഈ സാഹചര്യം മുൻകൂട്ടിക്കണ്ട് ഉയരം കുറഞ്ഞതും ഉത്പാദനം കൂടിയതുമായ തെങ്ങുകൾ വ്യാപകമാക്കാൻ ഇപ്പോൾതന്നെ ശ്രമം തുടങ്ങേണ്ടിയിരിക്കുന്നു. കേരളം എന്ന പേര് അന്വർത്ഥമാക്കുന്നതിന് വേണ്ടിയെങ്കിലും ഇത് ചെയ്തേ മതിയാകൂ.

❖